LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ e-5318433/NCB2/fin., e-5322411/NCB2/fin. എന്നീ ഫയലുകളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

e-5322411/NCB2/fin- മാവേലിക്കര മണ്ഡലത്തിലെ 2019-20 സാമ്പത്തിക വർഷത്തിലെ ടെണ്ടർ സേവിംഗ്സിൽനിന്നും പന്ത്രണ്ട് ലക്ഷം രൂപ വിനിയോഗിച്ച് SIDCO-യെ ചുമതലപ്പെടുത്തി മണ്ഡലത്തിലെ 7 ഇടങ്ങളിൽ ലോമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രത്യേക അനുമതി അപേക്ഷ സംബന്ധിച്ച ഫയൽ ആണിത്. 4-7-2019-ലെ സ.ഉ.(അച്ചടി)77/2019/ധന. പ്രകാരം ഇലക്ട്രിക്കൽ വർക്കുകൾക്ക് SIDCO-യ്ക്ക് ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് PMC-യോ Non PMC-യോ ആകുന്നതിന് കഴിയുകയില്ല. ആയതിനാൽ ടി ആവശ്യം നിരസിച്ചുകൊണ്ട് 18-9-2021-ലെ നമ്പർ 1826432/NC-B2/43/2021-FIN കത്ത് പ്രകാരം ബഹു. എം.എൽ.എ.-യ്ക്ക് മറുപടി നൽകിയിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).* e-5318433/NCB2/fin - മാവേലിക്കര മണ്ഡലത്തിലെ 2019-20 സാമ്പത്തിക വർഷത്തിലെ ടെണ്ടർ സേവിംഗ്സിൽനിന്നും പതിനാല് ലക്ഷം രൂപ വിനിയോഗിച്ച് മാവേലിക്കര ബൃദ്ധ ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ സംവിധാനം സ്ഥാപിക്കുന്നതിനുള്ള പ്രത്യേക അനുമതി അപേക്ഷ സംബന്ധിച്ച ഫയലാണിത്. ആസ്തി വികസന പദ്ധതി മാർഗരേഖകൾ പ്രതിപാദിക്കുന്ന 4-8-2018-ലെസ.ഉ.(അച്ചടി)നമ്പർ 119/2018/ധന. ഉത്തരവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നത് അനുവദനീയമല്ല. ആയതിനാൽ ടി ആവശ്യം നിരസിച്ചുകൊണ്ട് 1-10-2021-ലെ 1826398/എൻ.സി.ബി2/42/2021-ധന കത്ത് പ്രകാരം മറുപടി നൽകിയിട്ടുണ്ട്.(പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).*

പ്രാദേശിക ഫണ്ടിന്റെയും ആസ്തി വികസന ഫണ്ടിന്റെയും മാനദണ്ഡങ്ങൾ

61 (442) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡലം ആസ്തി വികസന ഫണ്ടിൽനിന്നും പ്രാദേശിക വികസന ഫണ്ടിൽനിന്നും പ്രവൃത്തികൾ നിർദ്ദേശിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

മണ്ഡലം ആസ്തി വികസന ഫണ്ടിൽനിന്നും പ്രാദേശിക വികസന ഫണ്ടിൽനിന്നും പ്രവൃത്തികൾ നിർദ്ദേശിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള മാനദണ്ഡങ്ങൾ നിയോജകമണ്ഡല ആസ്തി വികസന പദ്ധതികളുടെ നിലവിലെ മാർഗ്ഗരേഖയായ 4-8-18-ലെ സ.ഉ.(അച്ചടി)നം.119/2018/ധന ഉത്തരവിലും എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി പദ്ധതികളുടെ നിലവിലെ മാർഗ്ഗരേഖയായ 29-12-17-ലെ സ.ഉ(അച്ചടി) നമ്പർ 161/2017/ധന. ഉത്തരവിലും നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) പ്രവൃത്തി നടപ്പിലാക്കുവാൻ സാധിക്കുന്ന അക്രെഡിറ്റഡ് ഏജൻസികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത ഏജൻസികളെ തെരഞ്ഞെടുക്കുന്നതിന് നിയമസഭാ സാമാജികർക്ക് സാധിക്കുമോ?

4-7-2019-ലെ സ.ഉ(അച്ചടി) നമ്പർ 77/2019/ധന പ്രകാരം അക്രെഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിൽ പരാമർശിച്ചിട്ടുള്ള അക്രഡിറ്റഡ് ഏജൻസികളുടെ സമയപരിധി 5-8-21-ലെ സ.ഉ.(അച്ചടി)നം.111/2021/ധന പ്രകാരം 04-10-21 വരെ ദീർഘിപ്പിച്ച് നല്കിയിട്ടുണ്ട്. 28-4-21-ലെ സ.ഉ.(അച്ചടി) നമ്പർ 67/21/ധന പ്രകാരം അക്രെഡിറ്റഡ് ഏജൻസിയെ തീരുമാനിക്കുന്നത് പ്രസ്തുത പ്രവൃത്തി നിർവ്വഹണത്തിന് യോഗ്യരായ ഏജൻസികളിൽനിന്ന് സുതാര്യമായ ടെണ്ടർ നടപടികളിലൂടെയായിരിക്കുമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ഏജൻസികളെ തെരഞ്ഞെടുക്കുന്നതിന് നിയമസഭാ സാമാജികർക്ക് സാധിക്കില്ല.

മഴുവന്നൂർ എഫ്.എച്ച്.സി-യിലെ നെല്ലാട് സബ് സെന്ററിന് പുതിയ കെട്ടിടം

62 (443) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-യുടെ പ്രത്യേക വികസന നിധി (2020-21)-യിൽനിന്നും കുന്നത്തുനാട് മണ്ഡലത്തിലെ മഴുവന്നൂർ എഫ്.എച്ച്.സി-യിലെ നെല്ലാട് സബ് സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പതിനെട്ട് ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടും കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.